# Vakathirivu Ninne Kakkum, Proverbs 2:5-11

## <u>വയനഭാഗം സദൃശ്യവാക്യം 2:5-11</u>

## <u>വകതിരിവ് നിന്നെ കാക്കും വിവേകം നിന്നെ സൂക്ഷിക്കും</u>

മാർച്ച് 11-ാം തീയതിലെ മനോരമ ദിനപത്രത്തിൽ, ആശ്വാസംതേടി ആശുപത്രിയിലെത്തിയ ഒരുകുടുമ്പത്തിന്റെ കഷ്ടത വായിക്കുകയുായി .ഇടതു പാദത്തിന്റെ മുകളിലായി പൊട്ടൽ

സംഭവിച്ച ഒരു പെൺകുട്ടിയുടെ ഇടതു കാലിനു പകരം വലതുകാൽ പ്ലാസ്റ്ററിട്ട് അയച്ച തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഭിഷഗ്വരന്മാരെക്കുറിച്ചുള്ള വാർത്തയായിരുന്നു അത് . അസ്ഥിരോഗ ചികിത്സാ വിഭാഗത്തിലെ വിദഗ്ദ്ധർ തയാറാക്കിയ എക്സ്റേയിലും കേസ് ഷീറ്റിലും ശരിയായി വിവരം കാണിച്ചിട്ടും പ്ലാസ്റ്ററിട്ടപ്പോൾ അപാകത സംഭവിച്ചു . വീട്ടിൽ മടങ്ങി എത്തിയ കുട്ടിക്ക് വേദന അനുഭവപ്പെട്ടതിനാലാണ് വീും ആശുപത്രിയിലാക്കിയത് . തുടർന്ന് വീും ഇടതുകാലിന് പ്ലാസ്റ്ററിട്ടു

ജ്ഞാനമാണ് മനുഷ്യരെ വിവേകത്തോടെ പെരുമാറുവാൻസഹായിക്കുന്നത് വിവേകം നഷ്ടപ്പെടുത്തുന്ന ഒരു വ്യക്തി മൃഗീയ മനോഭാവമുള്ളവനാണ് .ഒരു മനഷ്യൻ അറിയേത് അറിയുകയും ,അറിഞ്ഞത് പ്രവർത്തിയിൽ കൊ ുവരുകയും വേണം .എന്താണ് ജ്ഞാനം ?യഹോവ ഭക്തിയത്രെ ജ്ഞാനത്തിന്റെ ആരംഭം (സദൃ.1:7)

യഹോവാഭക്തി ഗ്രഹിക്കുകയും ,ദൈവപരിജ്ഞാനം ക ത്തുകയും ചെയ്യുന്ന ഒരു ദൈവപൈതലിന് ലഭിക്കുന്ന അനുഗ്രഹങ്ങളാണ് ഇന്നത്തെ വേദഭാഗത്ത് നാം വായിക്കുന്നത് . യഹോവാഭക്തിയാൽ എട്ട് കാര്യങ്ങളാണ്

നമുക്ക് ലഭിക്കുന്നത് . ജ്ഞാനം ,പരിജ്ഞാനം, വിവേകം, രക്ഷ, ഇവ ലഭിക്കുന്നു . കൂടാതെ നിഷ്കളങ്കതയിൽ നടക്കുന്നവർക്ക് അവൻ പരിചയായി തീരുന്നു . ജ്ഞാനം , ന്യയത്തിന്റെ പാതകളെ കാണിച്ച് തരുകയും നമ്മുടെ വഴികളെ സൂക്ഷിക്കുകയും ചെയ്യുന്നു . യഹോവാഭക്തിയിൽ ജീവിക്കുന്ന ഒരാൾ നീതീയും ന്യായവും നേരുമുള്ളവനായി സന്മാർഗ്ഗ പ്രിയനായി തീരുകയും ചെയ്യുന്നു . യഹോവാഭക്തി വകതിരുവും വിവേകവും നമ്മുടെ ജീവിതത്തിൽ കൊുവരുന്നു .ഏതു പ്രവർത്തിയും ആരംഭിക്കും മുമ്പ് യഹോവയോടു ചേർന്നിരിക്കുക . ദൈവത്തിൽ നിന്ന് ലഭിക്കുന്ന ആലോചനയും ചിന്തകളും നിഷ്ഭലമായി തീരുകയില്ല അത് മേല്ക്കുമേൽ പ്രയോജനത്തെ വിളിച്ചു വരുത്തുന്നതായിരിക്കും .ആയതിനാൽ ദൈവികബോധത്തോടെ നമ്മെ ഏല്പിച്ച ജോലികൾ ചെയ്യാം

പ്രിയ ദൈവപൈതലേ ,ദൈവം ഏല്പിച്ച ജോലി വിശ്വസ്തതയോടെ ചെയ്യുക.അലക്ഷ്യം,അശ്രദ്ധ ഇവ നിന്റെ മേൽ വരുത്തി മറ്റുള്ളവരുടെ മുൻപിൽ
നിന്നെ പരിഹാസകോലമാക്കി നിർത്തുവാൻ ശ്രമിക്കുന്ന സാത്താൻ വിവേകത്തോടും വകതിരിവോടുംകൂടി എതിർക്കുക. ദൈവത്തോട് വസിക്കുക.


Sis. Shanthamma Varghese

**ശാന്തമ്മ വറുഗീസ്**